Malappuram District Police

**30/05/2018 മലപ്പുറം**

നഗരത്തിൽ 'കള്ളനോട്ടടി കേന്ദ്രം' തുടങ്ങാനുള്ള എറണാകുളം സ്വദേശികളുടെ നീക്കം പോലീസ് തകർത്തു. രണ്ടരലക്ഷം രൂപയുടെ കള്ളനോട്ടും പ്രിന്ററുകളും പിടികൂടി. സംഘത്തിലെ പ്രധാനിയായ വിൽബർട്ടിനെ അറസ്റ്റ് ചെയ്തു. രണ്ടായിരം രൂപയുടേതുൾപ്പെടെ പുതിയ നോട്ടുകളുടെ ശേഖരം പോലീസ് പിടിച്ചെടുത്തു.

ഇന്നലെ വൈകിട്ട്, തിരക്കേറിയ സമയത്ത് കള്ളനോട്ട് 'ട്രയൽ' നോക്കാൻ സംഘത്തിലെ ഒരാൾ നഗരത്തിലെ സൂപ്പർ മാർക്കറ്റിലെത്തിയതോടെയാണ് പോലീസിന് സൂചന ലഭിച്ചത്. സൂപ്പർ മാർക്കറ്റ് ജീവനക്കാർ അറിയിച്ചതനുസരിച്ച് വിൽബർട്ടിനെ പിന്തുടരുകയും നഗരത്തിലെ ഉൾപ്പാതകളിലൊന്നിലെ വാടകവീട് കണ്ടെത്തുകയുമായിരുന്നു.

എസ്ഐ ബി.എസ്.ബിനുവിന്റെ നേതൃത്വത്തിലുള്ള സംഘമാണ് കള്ളനോട്ട് പിടികൂടിയത്. കള്ളനോട്ട് സംഘത്തിലെ മറ്റുള്ളവർക്കായി അന്വേഷണം തുടരുകയാണ്. അടുത്തിടെയാണ് എറണാകുളത്തുനിന്നുള്ള സംഘം മലപ്പുറം കോട്ടപ്പടിയിൽ വീട് വാടകയ്ക്കെടുത്തതും പ്രിന്ററുകൾ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കിയതും.